LIBRARY ARCHIVES Kerala Legislative Assembly

തൃശ്ശൂർ ആയുർവേദാശ്രുപത്രിയിലെ പുതിയ തസ്തികകൾ

28 (720) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശ്ശൂർ ആയുർവേദ ഡിസ്പെൻസറി, ആയുർവേദാശ്രുപത്രിയാക്കി ഉയർത്തിയതിനെതുടർന്ന് പുതിയ തസ്തികകൾ അനുവദിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം തസ്തികകളാണ് അനുവദിച്ചിട്ടുള്ളത് ; ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ ;

(സി) തസ്തികകൾ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ലെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കുമോ ;

(ഡി) തസ്തികകൾ അനുവദിക്കാൻ മന്ത്രിസഭായോഗം തീരുമാനിച്ചിട്ടുണ്ടോ ഉണ്ടെങ്കിൽ എന്നത്തെ മന്ത്രിസഭായോഗമാണ് തീരുമാനമെടുത്തത് എന്നറിയിക്കുമോ ;

(ഇ) മന്ത്രിസഭായോഗ തീരുമാനം ഉത്തരവായി പുറപ്പെടുവിക്കുന്നതിനുള്ള കാലതാമസത്തിന്റെ കാരണം വ്യക്തമാക്കുമോ ?

ഉത്തരം

(എ-ഇ) തൃശ്ശൂർ ആയുർവേദ ഡിസ്പെൻസറി ആയുർവേദ ആശ്രുപത്രിയാക്കി ഉയർത്തിയതിനെത്തുടർന്ന് പുതിയ തസ്തികകൾ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല

15-10-2014-ലെ മന്ത്രിസഭാ യോഗത്തിന്റെ ഇനം 5870 നമ്പർ തീരുമാന പ്രകാരം തൃശ്ശൂർ ആയുർവേദ ആശ്രുപത്രിയിൽ ചുവടെ പറയുന്ന തസ്തികകൾ അനുവദിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ചീഫ് മെഡിക്കൽ ഓഫീസർ-1, സീനിയർ മെഡിക്കൽ ഓഫീസർ-1, ഫാർമസിസ്റ്റ് ഗ്രേഡ് II-1 , നഴ്സ് ഗ്രേഡ്-II-5, നേഴ്സിംഗ് അസിസ്റ്റന്റ്-4, ക്ലാർക്ക്-1, കുക്ക്-1, സാനിട്ടേഷൻ വർക്കർ-1.

എന്നാൽ, മന്ത്രിസഭായോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ കരട് സർക്കാർ ഉത്തരവ് ധനവകുപ്പ് കാണുന്നതിലേയ്ക്കായി 24-10-2014-ന് അയച്ചിട്ടുള്ളത് തിരികെ ലഭിക്കാത്തതാണ് ഉത്തരവ് പുറപ്പെടുവിക്കാനുള്ള കാലതാമസത്തിന്റെ കാരണം.